## പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2025 മാർച്ച് 4, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

28(*181) <u>പ്രഥമ സാമ്പത്തിക ഭദ്രതാ സൂചികയിലെ കേരളത്തിന്റെ സ്ഥാനം</u>

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, നീതി ആയോഗ് 2025-26-ൽ പുറപ്പെടുവിച്ച 2023-ലെ പ്രഥമ സാമ്പത്തിക ഭദ്രതാ സൂചികയിൽ ചെലവുകളുടെ ഗുണനിലവാരം, റവന്യൂ സമാഹരണം, സാമ്പത്തിക വിവേകം, കടം സൂചിക, കടം സുസ്ഥിരത എന്നീ സൂചകങ്ങളിലൂടെയുള്ള വിലയിരുത്തലിൽ വിവിധ മേഖലകളിൽ കേരളം നേടിയ പുരോഗതി സൂചിപ്പിച്ചിട്ടുണ്ടെന്നും ഉയർന്ന മൊത്ത ആഭ്യന്തര ഉല്പാദനവും (GSDP) പ്രതിശീർഷ വരുമാനവുമുള്ള ഇന്ത്യയിലെ മുൻനിര

സംസ്ഥാനങ്ങളിലൊന്ന് കേരളമാണെന്നും സഭയെ അറിയിച്ചു. 2023-ലെ മൾട്ടി ഡൈമെൻഷണൽ പോവർട്ടി ഇൻഡക്സ് പ്രകാരം ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനവും സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനവുമാണ് കേരളം. 2024-ലെ ഇന്ത്യ സ്കിൽസ് റിപ്പോർട്ടുപ്രകാരം സ്ത്രീകളും പുരുഷന്മാരും ജോലി ചെയ്യാൻ ഏറ്റവും ഇഷ്ടപ്പെടുന്ന സംസ്ഥാനം, 2022-ലെ 'സ്റ്റേറ്റ് ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാൻ (SBRAP)' അനുസരിച്ച് ഒൻപത് പരിഷ്കരണ രംഗങ്ങളിൽ മികച്ച പ്രകടനം എന്നിങ്ങനെ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. സമ്പദ് വ്യവസ്ഥയിൽ തുടർച്ചയായി വളർച്ച കൈവരിക്കാൻ സാധിച്ചതിലൂടെ ഉയർന്ന പ്രതിശീർഷ മൊത്ത സംസ്ഥാന ആഭ്യന്തര ഉല്പാദനമുള്ള ഇന്ത്യയിലെ മികച്ച പത്ത് സംസ്ഥാനങ്ങളിലൊന്നായി കേരളം മാറിയിട്ടുണ്ട്. 2023-24-ൽ സംസ്ഥാനത്തിന്റെ പ്രതിശീർഷ ജി.എസ്.ഡി.പി-യിൽ 5.5 ശതമാനം വർധനവുണ്ടായിട്ടുണ്ട്. ദേശീയ/അന്തർദേശീയ സാമ്പത്തികരംഗത്തെ മാറ്റങ്ങളും നോട്ട് നിരോധനം, ജി.എസ്.ടി, ഓഖി, വെള്ളപ്പൊക്കം, കൊവിഡ് മഹാമാരി, സംസ്ഥാന കടമെടുപ്പിൽ കേന്ദ്രസർക്കാർ കൊണ്ടുവന്ന നിയന്ത്രണങ്ങൾ, സംസ്ഥാനത്തിന്റെ

സാമ്പത്തിക സ്വാതന്ത്ര്യത്തിന് ഭീഷണി ഉയർത്തുന്ന കേന്ദ്രസർക്കാർ നയങ്ങൾ, കേന്ദ്ര ഗ്രാന്റ്-ഇൻ-എയ്ഡിലുണ്ടായ കുറവ് മുതലായവ സംസ്ഥാന സമ്പത്ത് വ്യവസ്ഥയെയും വിഭവസമാഹരണത്തെയും പ്രതികൂലമായി ബാധിച്ചുവെങ്കിലും മെച്ചപ്പെട്ട നികുതി പിരിവിലൂടെയും ചെലവ് ചുരുക്കൽ നടപടികളിലൂടെയും വികസന ക്ഷേമ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ഫിസ്കൽ റെസ്പോൺസിബിലിറ്റി ആൻഡ് ബജറ്റ് മാനേജ്മെന്റ് (എഫ്.ആർ.ബി.എം) ആക്ടുപ്രകാരം, 2022-24 വർഷങ്ങളിൽ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദന (ജി.എസ്.ഡി.പി.) അനുപാതത്തിൽ ധനക്കമ്മി നിലനിർത്താൻ സാധിച്ചിട്ടുണ്ടെന്നുമാത്രമല്ല, 2023-24-ൽ മുൻ വർഷത്തെ അപേക്ഷിച്ച് പദ്ധതി ചെലവിൽ 1560.53 കോടി രൂപയുടെ വർധനവും പദ്ധതിയേതര ചെലവിൽ 752.92 കോടി രൂപയുടെ കുറവും നികുതി-നികുതിയേതര വരുമാനത്തിൽ യഥാക്രമം 2360.50 കോടി രൂപയുടെയും 1228 കോടി രൂപയുടെയും വർധനവുമുണ്ടായിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ ഏറ്റവും കൂടുതൽ തുക ചെലവഴിക്കുന്ന സംസ്ഥാനം കേരളമാണെന്നും സംസ്ഥാനത്തിന്റെ മൊത്തം കടം കുറഞ്ഞുവരികയാണെന്നും 2023-24-ൽ മൂലധനച്ചെലവ് 16,880

കോടി രൂപയായും എഫക്ടീവ് ക്യാപ്പിറ്റൽ എക്സ്പെൻഡീച്ചർ 21,634 കോടി രൂപയായും വർധിച്ചിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഫ്ലിപ്കാർട്ട്, ആമസോൺ പോലുള്ള ഓൺലൈൻ പ്ലാറ്റ്ഫോമുകൾക്ക് ഇ-വേ ബിൽ ഏർപ്പെടുത്തുന്ന നടപടി നടന്നുവരികയാണെന്നും ഇന്റലിജൻസ് പരിശോധനകളിലൂടെ 450 കോടി രൂപ സംസ്ഥാന ഖജനാവിലേക്ക് മുതൽക്കൂട്ടാൻ സാധിച്ചിട്ടുണ്ടെന്നും ലോട്ടറി മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്കും ചെറുകിട വ്യാപാരികൾക്കും വീടുകൾ നിർമ്മിച്ചുനൽകുന്നതിനും ട്രൈസ്കൂട്ടർ, അനുബന്ധ സഹായങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

29(*182) <u>വ്യവസായ മേഖലയുടെ സുസ്ഥിര വളർച്ചയ്ക്കായുള്ള നടപടികൾ</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്തിന്റെ സമഗ്ര വികസനം, ഉയർന്ന തൊഴിൽ സാധ്യത എന്നിവ ലക്ഷ്യമാക്കി കേരളത്തെ സംരംഭക സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനും വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി നിരവധി പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടെന്നും ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ

സംഘടിപ്പിച്ച 'ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025' കേരളത്തിന്റെ നിക്ഷേപ സമാഹരണ പ്രവർത്തനങ്ങളിൽ സുപ്രധാന നാഴികക്കല്ലായി മാറിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ടി നിക്ഷേപക സംഗമത്തിലൂടെ 374 കമ്പനികളിൽനിന്നായി ഏകദേശം 1.53 ലക്ഷം കോടി രൂപയുടെ നിക്ഷേപങ്ങൾക്കുള്ള താൽപ്പര്യപത്രങ്ങൾ ലഭിച്ചതിനുപുറമെ ഏകദേശം 8,500 കോടി രൂപയുടെ അധിക നിക്ഷേപവും 60000 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്നുമാണ് കണക്കാക്കപ്പെടുന്നത്. വ്യവസായ മേഖലയിൽ സംസ്ഥാനം കൈവരിച്ച മുന്നേറ്റങ്ങൾ 55-ാമത് വേൾഡ് എക്കണോമിക് ഫോറത്തിൽ അവതരിപ്പിച്ചതിന്റെ ഫലമായി കൊച്ചിയിലെ ഗ്രീൻ ഹൈഡ്രജൻ വാലി പദ്ധതി വേൾഡ് എക്കണോമിക് ഫോറം ക്ലസ്റ്ററിൽ ഇടംനേടുകയും ബഹ്റൈൻ, സൗദി എന്നീ രാജ്യങ്ങൾ കേരളത്തിൽ നിക്ഷേപം നടത്തുന്നതിനുള്ള താൽപ്പര്യപത്രം നൽകുകയുമുണ്ടായി. 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം', 'കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' എന്നിവ നടപ്പാക്കിയും കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ വ്യവസ്ഥകൾ പരിഷ്കരിച്ചും ഓൺലൈൻ ഏകജാലക സംവിധാനം, കേന്ദ്രീകൃത പരിശോധന

സംവിധാനം എന്നിവ കൊണ്ടുവന്നും നവസംരംഭകർക്കും നിലവിലുള്ള സംരംഭകർക്കും പ്രോത്സാഹനം നൽകാൻ കഴിഞ്ഞിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് KSIDC, കിൻഫ്ര എന്നിവയുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ ഏകീകൃത ലാന്റ് അലോട്ട്മെന്റ് ചട്ടവും വ്യവസായ പാർക്കുകൾക്കായി പുതിയ ലാന്റ് അലോട്ട്മെന്റ് ചട്ടവും നിലവിൽ വന്നതിലൂടെ വ്യവസായ പാർക്കുകളുമായി ബന്ധപ്പെട്ട് സംരംഭകർ നേരിട്ടുകൊണ്ടിരുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. സംരംഭങ്ങളുടെ സാധ്യത വർധിപ്പിക്കുന്നതിനും 22 'സൺറൈസ്' മേഖലാ നിക്ഷേപങ്ങളെ ഉത്തേജിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനം, സാങ്കേതികവിദ്യയും നവീകരണവും, സ്ഥാപനപരമായ കാര്യക്ഷമത, വിപണി വികസനം, കയറ്റുമതി സുഗമമാക്കൽ, ഗവേഷണം, വികസനം, നൈപുണ്യ വികസനം, പ്രോത്സാഹനങ്ങൾ എന്നിവ ലക്ഷ്യമിടുകയും ചെയ്യുന്ന സംസ്ഥാന വ്യവസായ നയം 2023-ലുൾപ്പെട്ട മുൻഗണന മേഖലയിൽ വരുന്ന നിർമ്മാണ യൂണിറ്റുകളെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. കേരളത്തിന്റെ തനത് വിഭവശേഷിയും ഭൂമിശാസ്ത്രപരമായ അനുകൂല ഘടകങ്ങളും

ഉപയോഗപ്പെടുത്തുന്നതിനും നവീന വാണിജ്യ സാധ്യതകൾ തുറക്കുന്നതിനും അന്താരാഷ്ട്ര വാണിജ്യ ഭൂപടത്തിൽ കേരളത്തെ അടയാളപ്പെടുത്തുന്നതിനും കയറ്റുമതി മേഖലയിൽ വികസനം കൊണ്ടുവരുന്നതിനും ലക്ഷ്യമിട്ട് കേരള കയറ്റുമതി പ്രോത്സാഹന നയം-2025 പുറപ്പെടുവിച്ചിട്ടുള്ളതുകൂടാതെ ലോജിസ്റ്റിക്ക് നയം, ESG നയം, ഗ്രാഫീൻ നയം എന്നിവ പുറപ്പെടുവിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലുമാണ്. സംസ്ഥാനത്ത് വിവിധ മേഖലകളിൽ നിക്ഷേപം കൊണ്ടുവരാനും കൂടുതൽ സംരംഭങ്ങൾ ആരംഭിക്കാനും കെ.എസ്.ഐ.ഡി.സി മുഖേന മീറ്റ് ദി ഇൻവെസ്റ്റർ, ഇൻവെസ്റ്റർ പിച്ച് തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുകയും കുറഞ്ഞ പലിശ നിരക്കിൽ വായ്പ അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്നും പദ്ധതികൾ നിശ്ചിത ഇടവേളകളിൽ അവലോകനം നടത്തിവരുന്നുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. 'ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025'-ൽ ലഭിച്ച താൽപ്പര്യപത്രങ്ങൾ പരിശോധിച്ച് പദ്ധതികൾ യാഥാർഥ്യമാക്കാനുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നതെന്നും ഏപ്രിൽ മാസത്തോടുകൂടി ആദ്യ പദ്ധതിയുടെ തറക്കല്ലിടാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും കേരളത്തിന്റെ സംരംഭക വർഷ പദ്ധതിക്ക് ദേശീയതലത്തിൽ 'ബെസ്റ്റ് പ്രാക്ടീസ് ഇൻ

എം.എസ്.എം.ഇ.' അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

30(*183) വിഴിഞ്ഞം-ബാലരാമപുരം ഭൂഗർഭ റെയിൽപാത നിർമ്മാണം

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിച്ച വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദക്ഷിണ റെയിൽവെയുടെ ബാലരാമപുരം സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന 10.7 കി.മീ. നീളമുള്ള റെയിൽ പാതയിൽ 9.43 കി.മീ. തുരങ്കപാതയായാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്ന പാതയുടെ DPR-ന് ദക്ഷിണ റെയിൽവെയുടെ അംഗീകാരവും കേന്ദ്ര പാരിസ്ഥിതികാനുമതിയും ലഭിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കൊങ്കൺ റെയിൽ കോർപ്പറേഷൻ നിർമ്മാണചുമതല വഹിക്കുന്ന ടി പദ്ധതിയുടെ വിവിധഘട്ടങ്ങളുടെ നിർമ്മാണത്തിനായി ടെൻഡർ മുഖാന്തരം നിർമ്മാണ കമ്പനികളെ കണ്ടെത്തുന്നതാണ്. തുറമുഖത്തെ NH66-മായി ബന്ധിപ്പിക്കുന്ന 1.7 കി.മീ. റോഡിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണെന്നും റോഡിന്റെ ഇന്റർസെക്ഷൻ സ്കീം NHAI-യുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. റെയിൽപാത

കണക്കിവിറ്റിക്കുവേണ്ടി ബാലരാമപുരം, പള്ളിച്ചൽ, അതിയന്നൂർ വില്ലേജുകളിലായി 4.53 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും തുറമുഖത്ത് ഇതിനോടകം 193 കപ്പലുകൾ വന്നുപോയിട്ടുണ്ടെന്നും ഏകദേശം 3.83 ലക്ഷം TEU കൈകാര്യം ചെയ്തിട്ടുണ്ടെന്നും പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ 2028-ൽ പൂർത്തീകരിക്കുന്നതാണെന്നും അസാപ് സെന്റർ സ്ഥാപിച്ച് തദ്ദേശിയരായ യുവതി-യുവാക്കൾക്ക് പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

31(*184) എം.എസ്.എം.ഇ-യുടെ നിർവചനത്തിലെ മാറ്റം

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, 2021 ജൂലൈയിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മെമ്മോറാണ്ടം പ്രകാരം റീട്ടെയിൽ, മൊത്തവ്യാപാര സംരംഭങ്ങളെ ഉദ്യം രജിസ്ട്രേഷന് പരിഗണിക്കുന്ന എം.എസ്.എം.ഇ.-കളുടെ പട്ടികയിൽ ഉൾപ്പെടുത്തി എം.എസ്.എം.ഇ.-കളുടെ നിർവചനത്തിൽ മാറ്റം വരുത്തിയിട്ടുണ്ടെന്നും ഇതിലൂടെ 735356 സംരംഭങ്ങളുടെ വർധനവ് സംസ്ഥാനത്തുണ്ടായിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഈ നയംമാറ്റംമൂലം റീട്ടെയിൽ, മൊത്തവ്യാപാരികൾക്ക്

ബാങ്കുകളിൽനിന്ന് മുൻഗണനാ മേഖലയിലുള്ള വായ്പാ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള സാമ്പത്തിക സേവനങ്ങൾ ലഭ്യമാകുന്നതിനുപുറമെ ഹോൾസെയിൽ-റീട്ടെയിൽ ബിസിനസ്സുകളെ അവരുടെ നിക്ഷേപത്തിന്റെയും വിറ്റുവരവിന്റെയും അടിസ്ഥാനത്തിൽ ഔപചാരികമായി അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. 2021-ൽ നിലവിൽവന്ന നയംമാറ്റത്തെ തുടർന്ന് 1367789 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എം.എസ്.എം.ഇ.-കളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കേരളത്തിന്റേതായ ബിൽഡിംഗ് കോഡ് ബാധകമാക്കാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കുന്നതാണെന്നും ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ബിൽഡിങ് പണിയുന്നതിന് പഞ്ചായത്ത് അനുമതി ആവശ്യമുണ്ടോയെന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.